# CURRENT AFFAIRS

## 18 OCT 2024



### 2024ലെ ഫിഫ ഫുട്സാൽ ലോകകപ്പ് കിരീട ജേതാക്കൾ

ബ്രസീൽ

- ഫൈനലിൽ അർജന്റീനയെ പരാജയപ്പെടുത്തിയാണ് ബ്രസീൽ കിരീടം സ്വന്തമാക്കിയത്.
- 2024ലെ ഫിഫ ഫുട്സാൽ ലോകകപ്പിന് വേദിയായത് - ഉസ്ബക്കിസ്താൻ

---



ഡോ. എസ്. സോമനാഥ്

### ഇന്റർനാഷണൽ ആസ്ട്രോനോട്ടിക്കൽ ഫെഡറേഷന്റെ (IAF) 2024 ലെ വേൾഡ് സ്പേസ് അവാർഡിന് അർഹനായ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ISRO) ചെയർമാൻ

ഡോ. എസ്. സോമനാഥ്

- ഐഎസ്ആർഒയുടെ വിജയകരമായ ചാന്ദ്രയാൻ-3 ദൗത്യത്തെ മാനിച്ചാണ് പുരസ്കാരം.

---



### പ്രമുഖ ട്രാവൽ വെബ്സൈറ്റ് സ്കൈ സ്കാന്നറിന്റെ 2025 ലെ ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകളുടെ പട്ടികയിൽ ഇടം നേടിയ കേരളത്തിലെ സ്ഥലം

തിരുവനന്തപുരം

- പട്ടികയിൽ പത്താം സ്ഥാനത്താണ് തിരുവനന്തപുരം സ്ഥാനം പിടിച്ചിരിക്കുന്നത്.
- ഇറ്റലിയിലെ റെഗ്ഗിയോ കലാബ്രിയ ആണ് പട്ടികയിൽ ഒന്നാമത്. എസ്റ്റോണിയയിലെ താർതു രണ്ടാമതും.

---




### സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കിയ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം

കെ-സിസ് (Kerala - Central Inspection System)

- തദ്ദേശ സ്വയംഭരണ വകുപ്പ്, ഫാക്ടറീസ് ആൻഡ് ബോയിലേർസ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം കെ-സിസ് പ്രവർത്തിക്കുന്നത്.

---



### തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസന പദ്ധതിക്ക് നൽകിയിരിക്കുന്ന പേര്

പ്രോജക്ട് അനന്ത